# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – T. 1314 13.07.2016- ൽ മറുപടിയ്ക്ക്

### സാന്ത്വന പദ്ധതി

**ചോദ്യം**

**ശ്രീ.പി കെ.ബഷീർ**

എ) പ്രവാസി ക്ഷേമവകുപ്പ് നടപ്പാക്കുന്ന സാന്ത്വന പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

ബി) എന്തെല്ലാം ധനസഹായങ്ങളാണ് പദ്ധതി മുഖേന പ്രവാസികൾക്ക് ലഭിക്കുന്നതെന്ന് വിശദമാക്കുമോ ;

**മറുപടി**

**ശ്രീ. പിണറായി വിജയൻ**
***(മുഖ്യമന്ത്രി)***

എ & ബി) വിദേശത്ത് നിന്ന് തിരികെയെത്തിയ നിർദ്ധനരായ പ്രവാസികളെ അത്യാവശ്യഘട്ടങ്ങളിൽ സാമ്പത്തികമായി സഹായിക്കുക എന്ന ഉദ്ദേശത്തോടുകൂടി നടപ്പിലാക്കിയിട്ടുള്ളതാണ് സാന്ത്വന പദ്ധതി. കുറഞ്ഞത് 2 വർഷത്തെ വിദേശ പ്രവാസ ജീവിതത്തിനു ശേഷം നാട്ടിൽ സ്ഥിരതാമസമാക്കിയതും കേരളത്തിനു പുറത്ത് (ഭാരതത്തിനകത്ത്) താമസിക്കുന്നതുമായ ദുരിതമനുഭവിക്കുന്ന കേരളീയർക്ക് ദുരിതാശ്വാസ ധനസഹായം ലഭ്യമാക്കുക എന്നതാണ് പ്രവാസികേരളീയകാര്യ വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയായ 'സാന്ത്വന'യുടെ അടിസ്ഥാന ലക്ഷ്യം. വാർഷിക വരുമാനം 1,00,000/- രൂപയ്ക്ക് താഴെയുള്ള പ്രവാസികളെയാണ് സാന്ത്വന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ പദ്ധതിയിൻ കീഴിൽ ഒരു പ്രവാസി കേരളീയൻ മരണപ്പെട്ടാൽ ടിയാന്റെ കുടുംബത്തിന് നിബന്ധനകൾക്ക് വിധേയമായി മരണാനന്തരസഹായമായി 1,00,000/- രൂപ വരെയും പ്രവാസി കേരളീയരുടെയോ/ അടുത്ത കുടുംബാംഗങ്ങളുടെയോ ചികിത്സക്ക് ഹൃദയ-വൃക്ക, തലച്ചോർ, കാൻസർ

സംബന്ധമായ രോഗങ്ങൾക്ക് പരമാവധി 50,000/- രൂപ വരെയും; മറ്റുള്ളവയ്ക്ക് പരമാവധി 20,000/- രൂപ വരെയും; അവരുടെ പെൺമക്കളുടെ വിവാഹാവശ്യത്തിന് പരമാവധി 15,000/- രൂപ വരെയും; പ്രവാസിയ്ക്ക്/കുടുംബാംഗങ്ങൾക്ക് വീൽചെയർ/ക്രച്ചസ് എന്നിവ വാങ്ങുന്നതിന് പരമാവധി 10,000/- രൂപ വരെയും ; നിധിയിൽ നിന്ന് ഒറ്റത്തവണ മാത്രം ധനസഹായം നൽകി വരുന്നുണ്ട്.

സി) ഈ സർക്കാരിന്റെ കാലത്ത് ധനസഹായങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

സി) ഇല്ല.

സെക്ഷൻ ഓഫീസർ